കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ല – ചേമഞ്ചേരി വില്ലേജിലെ റീസർവ്വേ നമ്പർ 135/12, 133/3,4,8,9,10,11,130/13,132/10,11,12 എന്നിവയിൽപ്പെട്ട സ്ഥലത്ത് കേരള ഫീഡ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കാലിത്തീറ്റ ഫാക്ടറിയ്ക്ക് 2011 – ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 3 സി പ്രകാരം ഇളവ് അനുവദിച്ച്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.777/2017/തസ്വഭവ തിരുവനന്തപുരം, തീയതി 18/03/2017.**

---

പരാമർശം:- 1) കേരള ഫീഡ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച 04.10.2016 ലെ KFL/1623/08/5202/16 നമ്പർ കത്ത്.

2) ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2016 ലെ എ 2-8009/16 നമ്പർ കത്ത്.

3) ചീഫ് ടൗൺ പ്ലാനറുടെ 23.12.16, 03.02.17 തീയതികളിലെ ഡി1/5821/2016 നമ്പർ കത്തുകൾ.

<u>**ഉത്തരവ്**</u>

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ചേമഞ്ചേരി വില്ലേജിലെ റീ സർവ്വേ നമ്പർ 35/12, 133/3,4,8,9,10,11,130/13, 132/10,11,12 എന്നിവയിൽപ്പെട്ട സ്ഥലത്ത് മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കാലിത്തീറ്റ ഫാക്ടറിയ്ക്ക് 2011- ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ 107, 108, 109 പ്രകാരമുള്ള ചട്ട ലംഘനമുള്ളതിനാൽ ടി പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് നമ്പർ അനുവദിച്ചിട്ടില്ല. സർക്കാർ ഉടമസ്ഥതയിൽ കോടികൾ ചെലവഴിച്ച് പൂർത്തിയാക്കിയ ടി യൂണിറ്റിന് 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 3 സി വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ചട്ടം 107, 108, 109 എന്നിവയിൽ നിന്നും ഇളവ് അനുവദിക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ പരാമർശം (3) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ചേമഞ്ചേരി വില്ലേജിലെ റീ സർവ്വേ നമ്പർ 35/12, 133/3,4,8,9,10,11,130/13, 132/10,11,12 എന്നിവയിൽപ്പെട്ട കേരള ഫീഡ്സിന്റെ

..2...

ഉടമസ്ഥതയിലുള്ള കാലിത്തീറ്റ ഫാക്ടറിയ്ക്ക് 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 107, 108, 109 എന്നിവയിൽ നിന്നും ചട്ടം 3 സി പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡി. ഹേമപ്രഭ**
**ജോയിന്റ് സെക്രട്ടറി**

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്,
മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര, തൃശ്ശൂർ - 680 683.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് (ആഡിറ്റ്) വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
മൃഗസംരക്ഷണ വകുപ്പ് ( 27.08.2016- ലെ E—121/AHF1/16/AD നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ